compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

ചൊവ്വ, 2025 ജനുവരി 14
**Tuesday, 14th January 2025**

**1200 മകരം 1**
**1st Makaram 1200**

**1946 പൌഷം 24**
**24th Pousha 1946**

**വാല്യം 14**
**Vol. XIV**

**നമ്പർ / No. 2**

## Part III

## Store Purchase

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനർ ദർഘാസ് പരസ്യം

[നമ്പർ 2/2025]

നമ്പർ ITI/DVPM/39/2024-B2. 2025 ജനുവരി 3.

വ്യാവസായിക പരിശീലന വകുപ്പിലെ ധനുവച്ചപുരം ഗവ. ഐ.ടി.ഐ.-ലെ വയർമാൻ ട്രേഡിലേക്ക് ലൈറ്റ് മെഷീൻസ് ആൻഡ് എക്യുപ്മെന്റ്സ് സംഭരിക്കുന്നതിന് താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഇനം—Light Machines & Equipments for Wireman Trade.

അടങ്കൽ തുക—₹ 1,53,440.

നിരതദ്രവ്യം—₹ 1,534.

ദർഘാസിന്റെ വില :

ഒറിജിനൽ—₹ 400 + 18% GST.

ഡ്യൂപ്ലിക്കേറ്റ്—₹ 200 + 18% GST.

ദർഘാസ് വിൽപ്പനയുടെ അവസാന തീയതിയും സമയവും— 28-1-2025, 3 മണി.

ദർഘാസ് സ്വീകരിക്കുന്നതിനുള്ള അവസാന തീയതിയും സമയവും— 30-1-2025, 3 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും— 31-1-2025, 11 മണി.

ദർഘാസ് വില പണമായിട്ടോ മണിയോർഡറായിട്ടോ മാത്രമേ സ്വീകരിക്കുകയുള്ളൂ. ദർഘാസ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി മുദ്രവച്ച കവറുകൾ പ്രിൻസിപ്പാൾ, വ്യാവസായിക പരിശീലന കേന്ദ്രം, ധനുവച്ചപുരം, തിരുവനന്തപുരം-695 503 എന്ന വിലാസത്തിലേക്ക് അയയ്ക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. ഒറിജിനൽ ദർഘാസ് പ്രമാണത്തോടൊപ്പം മേൽ പറഞ്ഞ തുക നിരതദ്രവ്യമായും ₹ 200 വിലയുള്ള കേരള സർക്കാർ മുദ്രപത്രത്തിൽ പ്രാഥമിക കരാർ പത്രവും ഉണ്ടായിരിക്കേണ്ടതാണ്. ദർഘാസ് തുറക്കുന്ന തീയതി മുതൽ മൂന്ന് മാസം വരെ വിലനിരക്ക് പ്രാബല്യത്തിൽ ഉണ്ടായിരിക്കണം. അല്ലാത്ത ദർഘാസുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. കേരളത്തിന് പുറത്തുള്ള കമ്പനികൾക്ക് മുദ്രപത്രം ആവശ്യമുണ്ടെങ്കിൽ ₹ 230 മണിയോർഡറായി അയച്ചുതന്നാൽ ഈ ആഫീസിൽ നിന്നും മുദ്രപത്രം വാങ്ങി അയച്ചുതരുന്നതാണ് (മണിയോർഡർ മാത്രമേ സ്വീകരിക്കുകയുള്ളൂ). ദർഘാസ് പ്രമാണം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല. വിശദവിവരങ്ങൾ www.det.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

[No. 2/2025]

No. ITI/DVPM/39/2024-B2. *3rd January 2025.*

Sealed competitive tenders are invited from approved firms/companies/traders for the Procurement of Light Machines & Equipments for Wireman Trade at Industrial Training Institute, Dhanuvachapuram, Thiruvananthapuram.

Items—Light Machines & Equipments for wiremen trade.

PAC—₹ 1,53,440.

Earnest Money Deposit—₹ 1,534.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Cost of tender form:

Original—₹ 400 + 18% GST.

Duplicate—₹ 200 + 18% GST.

Last date and time of sale of tender form—28-1-2025, 3 p. m.

Last date and time of receipt of sealed tender form—30-1-2025, 3 p. m.

Date and time of opening of sealed tender—31-1-2025, 11 a. m.

The cost of tender forms will be accepted only by cash or money order. The tender should be superscribed with tender number and date addressed to The Principal, Government ITI, Dhanuvachapuram, Thiruvananthapuram. Late tenders will not be accepted. The above mentioned amount should be enclosed as Earnest Money Deposit. There must be a validity period of three months from the date of opening the tenders. Otherwise the tenders will be summarily rejected. The tenders in original should be accompanied with preliminary agreement in Kerala Stamp Paper worth ₹ 200 (Two hundred only). Otherwise the tender will not be considered. The Stamp Paper will be forwarded to the firms outside Kerala if required by remitting ₹ 230 (Rupees Two Hundred and Thirty only) separate by money order (₹ 30 is intended to cover postage and incidental expenses). Detailed specification of items required can be obtained from the office of the undersigned during office hours. The details are available in the website www.det.kerala.gov.in.

List of Items

| *Sl. No.* | *Item* | *Specification* | *Quantity* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | Solar Panels 250 Wp | Application class as per Cl.3 of IS/IEC61730-1:2004 CLASS A PV Module rating (in Wp): 250<br><br>Efficiency of PV Module : > 14%<br><br>BIS CRS as per IS:IS 14286 [for Crystalline Silicone Terrestrial Photovoltaic (PV) modules] Corrosion resistant frame structure shall be provided to hold the SPV module: Yes<br><br>PV Module Construction,Testing and Safety requirements as per IEC 61730 (Part 1) and (Part 2) latest PV Modules shall comply Salt Mist Corrosion testing as per IEC-61701/IS:61701 latest. | 1 No. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | Solar Panels 15 Wp | Application class as per Cl.3 of IS/IEC61730-1:2004<br>CLASS A PV Module rating (in Wp): 15<br>Efficiency of PV Module : > 14%<br>BIS CRS as per IS:IS 14286 [for Crystalline Silicone Terrestrial Photovoltaic (PV) modules] Corrosion resistant frame structure shall be provided to hold the SPV module: Yes.<br>PV Modules Construction, Testing and Safety requirements as per IEC 61730(Part 1) and (Part 2) latest PV Modules shall comply Salt Mist Corrosion testing as per IEC-61701/IS:61701 latest | 1 No. |
| 3 | Solar Charge Controller with Manual Switch (Day Lighting) | MPPT Solar Charge Controller 12V 10A Manual Switching<br>Maximum Current = 10Amps<br>Maximum VOC of the to be connected=22Volts<br>Panel Maximum Power =200 Wp<br>Type : MMPT Standard<br>Application : Home Lighting System, DC Application of Lead acid/SMF Battery Voltage of 12V./Lithium Ion 11.1 Volts/ Lithium Ferro Phosphate 12.8 Volts | 2 Nos. |
| 4 | Transformer Single Phase | Transformer Single Phase, 1KVA, 250/100 V, closed type, Copper wound, ISI & BIS marked | 2 Nos. |
| 5 | Immersion Heater | Type : Immersion Heater<br>Insulation Material: High Pure MgO<br>Material of tube: shealth SS201<br>Shape: U Shape<br>Working Temperature (max) : 350 Degree Celsius<br>Voltage : 240 Volt<br>Power : 1.5 kilo Watt<br>Features : Excellent Thermal conductivity, Corrosion resistant. Less power<br>Certification CE. ROHS | 2 Nos. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | AC Table Fan | Type of Fan mounting : Table Fan Power : 68 Watt<br>Fan size: 400 millimeter<br>Ingress Protection for Motors and Regulators:IP22<br>Conformity to Indian Standard IS:555 latest<br>Rated Voltage : 220V<br>AC Speed Control Mechanism Rotary Switch<br>RPM at Maximum Speed: 2400<br>Number of Blades : 3<br>Angular Movement : 65 degree<br>Length of cord with suitable Plug top (inclusive in the scope of supply) : 1.5 meter<br>Material of Blade : ABS | 2 Nos. |
| 7 | Mixture and Grinder | Voltage and Frequency :240 V AC, 50Hz<br>Motor: 750 Watt motor<br>No Load Speed: 22000 rpm approx.<br>Class of motor insulation winding wire : F class<br>Rating: 30 minutes rating<br>5 min ON and 2 min OFF (Maximum 6 ON Cycles)<br>Material of body : ABS<br>Material of jars : Stainless steel<br>Blade Assembly : Stainless steel<br>Speed Control : 3 speeds with pulse<br>Main cord PVC flexible : 2-core cord | 2 Nos. |
| 8 | DMX Controller | DMX Controller DMX512<br>Input voltage : AC200-240, 50-60 Hz<br>Total Channel number : 192 groups<br>Max Controlled Channels : 16 CHs<br>Mas Procedure steps : 40 steps<br>Scene pause time: 1-25.5 seconds/steps<br>Scene Graduation speed : 0.1-25.5 second | 2 Nos. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| (1) | (2) | (3) | (4) |
|---|---|---|---|
| | | Display Monitor : LED | |
| | | DMX512 output interface 3 core XLR needle | |
| 9 | Rewinding Machine | Stator Length: 190 mm max. | 2 Nos. |
| | | Voltage : 240 V | |
| | | Stator Width : 9 to 45 mm (can be adjusted)<br>Winding Motor Power : 1/8 Hp230 V AC, 50 Hz | |
| | | Winding speed : 1440 Rpm | |
| | | Counter Type : 4 Digit Automatic Magnetic<br>Break Facility | |
| | | Wire Size Range : 27swg to 38 swg 230V, 50 Hz | |
| | | Brake: Automatic Magnetic Break | |
| | | Counter Meter : 4 Digit | |
| | | Automatic Magnetic Break Facility | |

Govt. Industrial Training Institute,
Dhanuvachapuram.

(Sd.)
*Principal.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## E-TENDER NOTICE

No.CEMECH/451/2024-CP Dated: 03.01.2025

The Superintending Engineer & Deputy Chief Engineer, Mechanical, PWD, Irrigation Department, Thiruvananthapuram for and on behalf of the Governor of Kerala invites e-tender from the original manufacturer or their authorized dealers/ joint venture firms with at least one partner authorized by the original manufacturer / distributor with authorization from original manufacturer, in Kerala for the "Supply of 2 Nos 40 hp Pump sets and its Accessories for Construction of Nanjoth LI Scheme in Edavaka Panchayath in Wayanad district under MI Division Sulthan Bathery**".**

The bidder must have an office and their service in Kerala

In accordance with respective specification for supply of pump as shown in tender schedule of this tender document, the tender is to be submitted as e-tenders through http://etenders.kerala.gov.in . Since this is an e-tender, only those bidders who have enrolled in the above portal with their own digital signature certificate (DSC) can participate in the tender. E-tender document and other details can be obtained from the above portal.

1. E-TENDER No. CE (MECH)/T/11/2024-25
2. Cost of Tender documents - Rs 2500/-
3. Document sale starting date - 04/01/2025 at 09.00 am
4. EMD (Online payment) - Rs 36,000/-
5. Date and time of commencement of online bid submission – 04/01/2025 at 10.00 am
6. Date and time of closing of online bid submission - 18/01/2025 at 5 PM
7. Date and time of opening of bid -20/01/2025 at 3.30 PM

Bidders shall remit the tender document fee and EMD using the online payment option of e-procurement system only. Bidders are advised to visit downloads section of e-procurement website http://etenders.kerala.gov.in for details instructions on making online payment using internet banking facility of SBI or by NEFT facility. In the bid, the following documents should be submitted by online.

1) BOQ duly filled up and signed.
2) Technical data sheet duly filled up and signed.
   a) If any more information to be furnished, separate data sheet shall be attached for additional information.
   b) Scanned copy of family curve, performance curve etc should be attached.
3) E-payment form duly filled and signed.
4) Proof of original manufacturer/authorized dealers/ joint venture firms with at least one partner authorized by the original manufacturer / distributor with authorization from original manufacturer and attested copy of same.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5) Scanned copy of preliminary agreement executed in Kerala Stamp Paper worth Rs.200/-
6) EMD exemption certificate (if any) should be submitted online.
7) Other details if any required to be furnished in the special condition.
8) Form No. 14 duly filled and signed.
9) Tender Notice and Special condition of Tender duly signed.

Hard copy of all the above documents should be submitted on or within 3 days after bid opening. The bidders shall submit the hard copy of the bid containing the documents as noted in the above paras in sealed envelope. The sealed envelope addressed to the Superintending Engineer & Deputy Chief Engineer, PWD, Mechanical, O/o the Chief Engineer, Mechanical, Thiruvananthapuram should reach in this office on or before the time specified above. The envelope should be super scribed with tender No., due date and name of work.

Tenders will be opened online in the presence of such bidders or their authorized representatives present at the prescribed time of opening before the Superintending Engineer & Deputy Chief Engineer, PWD, Mechanical, O/o the Chief Engineer, Mechanical, Thiruvananthapuram. If date fixed for opening happens to be a holiday or due to net failure the tender will be opened in the next working day at same time and place.

The right to accept or reject of e-tender without assigning any reason is vested with The Superintending Engineer & Deputy Chief Engineer, Mechanical, PWD,Thiruvananthapuram.

The bidder is advised to submit the bids well before the stipulated date and time to avoid any kind of network issues, traffic congestions, etc. In this regard, the department shall not be responsible for any kind of such issues faced by the bidder. All the rules related to tender in Irrigation department along with the rules and regulation prescribed for e-tenders by the Government of Kerala shall be applicable to this tender.

The bidder should have the GST registration and the registration number should be furnished in the tender documents.

**Materials supplied should be guaranteed for not less than '36' months against any manufacturing defects from the date of commissioning.**

Sd/-

Rajan Babu D
Superintending Engineer &
Deputy Chief Engineer
Mechanical, PWD.

O/o the Chief Engineer
Mechanical, Thiruvananthapuram

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഇ-ദർഘാസ് പരസ്യം**

നം.CEMECH/451/2024-CP തീയതി: 03.01.2025.

കേരള ഗവർണർക്ക് വേണ്ടി സൂപ്രണ്ടിംഗ് എഞ്ചിനീയർ & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, പി.ഡബ്ല്യൂ.ഡി, ജലസേചന വകുപ്പ് യഥാർത്ഥ നിർമ്മാതാവിൽ നിന്നോ കേരളത്തിലെ അവരുടെ അംഗീകൃത ഡീലർമാരിൽ നിന്നോ/ സംയുക്ത സംരംഭങ്ങളിൽ നിന്നോ "Supply of 2 Nos 40 hp Pump sets and its Accessories for Construction of Nanjoth LI Scheme in Edavaka Panchayath in Wayanad district under MI Division Sulthan Bathery" എന്ന പ്രവർത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുന്നു.

Bidder-ന് നിർബന്ധമായും കേരളത്തിൽ ഓഫീസും സർവ്വീസും ഉണ്ടായിരിക്കേണ്ടതാണ്.

ഇ-ടെണ്ടർ ഡോക്യുമെന്റിലെ ടെൻഡർ ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന പമ്പ്സെറ്റ് വിതരണം ചെയ്യുന്നതിനുള്ള അതാത് സ്പെസിഫിക്കേഷൻ അനുസരിച്ച് "Supply of 2 Nos 40 hp Pump sets and its Accessories for Construction of Nanjoth LI Scheme in Edavaka Panchayath in Wayanad district under MI Division Sulthan Bathery" എന്ന പ്രവർത്തിയുടെ ടെൻഡർ http://etenders.kerala.gov.in വഴി ഇ-ടെണ്ടറായി സമർപ്പിക്കേണ്ടതാണ്. ഇതൊരു ഇ-ടെണ്ടർ ആയതിനാൽ, സ്വന്തം ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC) ഉപയോഗിച്ച് മുകളിലുള്ള പോർട്ടലിൽ എൻറോൾ ചെയ്തിട്ടുള്ള bidders-നു മാത്രമേ ടെൻഡറിൽ പങ്കെടുക്കാൻ കഴിയൂ. ഇ-ടെൻഡർ ഡോക്യുമെന്റും മറ്റ് വിശദാംശങ്ങളും മുകളിലുള്ള പോർട്ടലിൽ നിന്ന് ലഭിക്കും.

1. E-TENDER No. CE (MECH)/T/11/2024-25
2. Cost of Tender documents - Rs 2500/-
3. Document sale starting date - 04/01/2025 at 09.00 am
4. EMD (Online payment) - Rs 36,000/-
5. Date and time of commencement of online bid submission - 04/01/2025 at 10.00 am
6. Date and time of closing of online bid submission - 18/01/2025 at 5 PM
7. Date and time of opening of bid -20/01/2025 at 3.30 PM

Bidders ടെണ്ടർ ഡോക്യുമെന്റ് ഫീസും EMD-യും E-procurement സിസ്റ്റത്തിലൂടെ ഓൺലൈൻ പേയ്മെന്റ് ഓപ്ഷൻ ഉപയോഗിച്ചു മാത്രം അടയ്ക്കണം. SBI-യുടെ ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യം ഉപയോഗിച്ചോ NEFT സൗകര്യം വഴിയോ ഓൺലൈൻ പേയ്മെന്റ് നടത്തുന്നതിനുള്ള വിശദാംശ നിർദ്ദേശങ്ങൾക്കായി bidders E-procurement സിസ്റ്റത്തിലെ http://etenders.kerala.gov.in എന്ന വെബ്സൈറ്റ് ഡൗൺലോഡ് ചെയ്ത് സന്ദർശിക്കണം. ടെണ്ടറിൽ പങ്കെടുക്കുമ്പോൾ ഇനിപ്പറയുന്ന രേഖകൾ ഓൺലൈനായി സമർപ്പിക്കണം.

1) BOQ കൃത്യമായി പൂരിപ്പിച്ച് ഒപ്പിടുക.
2) സാങ്കേതിക ഡേറ്റ ഷീറ്റ് ശരിയായി പൂരിപ്പിച്ച് ഒപ്പിടുക.
   a) കൂടുതൽ വിവരങ്ങൾ നൽകണമെങ്കിൽ, കൂടുതൽ വിവരങ്ങൾക്കായി പ്രത്യേക ഡാറ്റാ ഷീറ്റ് അറ്റാച്ച് ചെയ്യുക.
   b) ഫാമിലി കർവ്, പെർഫോമൻസ് കർവ് മുതലായവയുടെ സ്കാൻ ചെയ്ത പകർപ്പ് അറ്റാച്ച് ചെയ്യണം.
3) ഇ-പേയ്മെന്റ് ഫോം കൃത്യമായി പൂരിപ്പിച്ച് ഒപ്പിടുക.
4) Authorization Certificate-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
5) 200 രൂപ വിലയുള്ള കേരള സ്റ്റാമ്പ് പേപ്പറിൽ നടപ്പിലാക്കിയ Preliminary Agreement-ന്റെ സ്കാൻ ചെയ്ത പകർപ്പ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6) EMD ഒഴിവാക്കൽ സർട്ടിഫിക്കറ്റ് (എന്തെങ്കിലും ഉണ്ടെങ്കിൽ) ഓൺലൈനായി സമർപ്പിക്കണം.
7) പ്രത്യേക വ്യവസ്ഥയിൽ എന്തെങ്കലും നൽകണമെങ്കിൽ മറ്റ് വിശദാംശങ്ങൾ.
8) ഫോ നമ്പർ 14 പൂരിപ്പിച്ച് ഒപ്പിടണം.
9) ടെണ്ടർ നോട്ടീസും Tender Condition- നും കൃത്യമായി ഒപ്പിടണം.
10) GST Registration സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ നമ്പരും.

മേൽപ്പറഞ്ഞ എല്ലാ രേഖകളുടേയും ഹാർഡ് കോപ്പി bid opening date മുതൽ 3 ദിവസത്തിനകം സമർപ്പിക്കണം. Bidders മുകളിൽ പറഞ്ഞ ഖണ്ഡികകളിൽ രേഖപ്പെടുത്തിയിരിക്കുന്ന രേഖകൾ അടങ്ങിയ bid-ന്റെ ഹാർഡ് കോപ്പി സീൽ ചെയ്ത കവറിൽ സമർപ്പിക്കണം. സൂപ്രണ്ടിഗ് എഞ്ചിനീയർ & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി മെക്കാനിക്കൽ, ചീഫ് എഞ്ചിനീയറുടെ കാര്യാലയം, മെക്കാനിക്കൽ തിരുവനന്തപുരം - 695033 കേരളം എന്ന വിലാസത്തിൽ bid opening date കഴിഞ്ഞ് മൂന്ന് ദിവസത്തിനകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. കവറിൽ ടെണ്ടർ നമ്പർ, പ്രവർത്തിയുടെ പേര് എന്നിവ രേഖപ്പെടുത്തിയിരിക്കണം.

ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായിട്ടുള്ള Bidders-ന്റെയോ അവരുടെ അംഗീകൃത പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ നിർദ്ദിഷ്ട സമയത്ത് ഹാജരാക്കിയിട്ടുള്ള ടെണ്ടറുകൾ ഓൺലൈനായി തുറക്കുന്നതാണ്. തുറക്കാൻ നിശ്ചയിച്ചിരിക്കുന്ന തീയതി അവധി ദിവസമായിരിക്കുകയോ അല്ലെങ്കിൽ മറ്റ് സാങ്കതിക തടസ്സങ്ങൾ ഉണ്ടാകുകയോ ആണെങ്കിൽ ടെണ്ടർ തൊട്ടടുത്ത പ്രവർത്തി ദിവസത്തിൽ അതേ സ്ഥലത്തും സമയത്തും തുറക്കുന്നതായിരിക്കും. Technical Bid തുറന്ന് കഴിഞ്ഞ് Technical Committee പമ്പസെറ്റുകളുടെ സാങ്കതിക വിവരങ്ങൾ വിലയിരുത്തുന്നതും Financial Bid തുറക്കുന്ന തീയതിയും സമയവും Technical Bid-ൽ യോഗ്യത നേടുന്ന firms-നെ നേരിട്ട് അറിയിക്കുന്നതുമായിരിക്കും.

യാതൊരു കാരണവും ബോധിപ്പിക്കാതെ ഇ-ടെണ്ടർ നിരസിക്കാനുള്ള അധികാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, മെക്കാനിക്കൽ, പി.ഡബ്ല്യൂ.ഡി തിരുവനന്തപുരം-ൽ നിക്ഷിപ്തമാണ്.

ഏതെങ്കിലും തരത്തിലുള്ള നെറ്റ് വർക്ക് പ്രശ്നങ്ങൾ, മറ്റ് സാങ്കേതിക തടസ്സങ്ങൾ മുതലായവ ഒഴിവാക്കുന്നതിന് നിശ്ചിത തീയതിയ്ക്കും സമയത്തിനും മുൻപായി bid സമർപ്പിക്കേണ്ടതാണ്. Bid സമർപ്പിക്കുമ്പോൾ bidders അഭിമുഖീകരിക്കേണ്ടി വരുന്ന ഇത്തരം പ്രശ്നങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദിയായിരിക്കില്ല. കേരള സർക്കാർ ജലസേചന വകുപ്പിലെ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട എല്ലാ നിയമങ്ങളും കേരള സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാനുവലിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ടെണ്ടറിന് ബാധകമായിരിക്കും.

**പമ്പുസെറ്റും സാമഗ്രികളും കമ്മീഷൻ ചെയ്ത തീയതി മുതൽ '36' മാസമാണ് Defect Liability Period ആയി കണക്കാക്കുന്നത്.**

Sd/-
രാജൻ ബാബു.ഡി
സൂപ്രണ്ടിംഗ് എഞ്ചിനീയർ & ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
മെക്കാനിക്കൽ, പി.ഡബ്ല്യൂ.ഡി

ചീഫ് എഞ്ചിനീയറുടെ കാര്യാലയം,
മെക്കാനിക്കൽ, തിരുവനന്തപുരം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇ-ദർഘാസ് പരസ്യം

No. SWTDHO/1775/2024-C4. 2025 ജനുവരി 4.

സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴയിലേക്ക് താഴെ പറയുന്ന സാധനം സപ്ലൈ ചെയ്യുന്നതിന് മുദ്രവെച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

ദർഘാസ് നമ്പർ—95/C4/2024-25.

സപ്ലൈ ചെയ്യേണ്ട വസ്തു—തെർമൽ പേപ്പർ റോൾ (ടിക്കറ്റ് മെഷീൻ ഉപയോഗത്തിനുള്ളത് 48000 Nos. ടിക്കറ്റ് റോളുകൾ.)

അടങ്കൽ തുക—₹ 6,08,880 (including G.S.T.)

നിരതദ്രവ്യം—₹ 6,088

ഫോറത്തിന്റെ വില—₹ 1,416 (1,200+216) (including G.S.T.)

ഫോറം വിൽപനയുടെ അവസാന തീയതിയും സമയവും—17-1-2025, 1 മണി വരെ.

ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—17-1-2025, 3 മണി വരെ.

ക്വട്ടേഷൻ തുറക്കുന്ന തീയതിയും സമയവും—17-1-2025, 3.15 മണി.

ദർഘാസ് സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരം 5 മണി വരെ ഈ ഓഫീസിൽ ലഭ്യമാണ്. ടെലിഫോൺ നമ്പർ: 0477-2252015.

സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്, (ഒപ്പ്)
ആലപ്പുഴ. ഡയറക്ടർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ദർഘാസ് പരസ്യം

നമ്പർ എച്ച്.ഡി.സി/1/25/ഡി.സി.സി. 2025 ജനുവരി 1.

കോഴിക്കോട് ഗവ. ഡെന്റൽ കോളേജ് ഓഫീസിന് സമീപം ഏകദേശം 150 സ്ക്വയർ ഫീറ്റ് സ്ഥലത്ത് 1-2-2025 മുതൽ രണ്ട് വർഷത്തേക്ക് ലഘു ഭക്ഷണശാല നടത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി ടെണ്ടർ ഫോറത്തിൽ തയ്യാർ ചെയ്ത് സീൽവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ അടക്കം ചെയ്തിട്ടുള്ള കവറിനു മുകളിൽ ദർഘാസ് നമ്പർ എഴുതി സെക്രട്ടറി, ആശുപത്രി വികസന സമിതി, ഡെന്റൽ കോളേജ്, കോഴിക്കോട്, കേരളം എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. താഴെ ചേർത്തിട്ടുള്ള തീയതികളിലും സമയത്തും അപ്പോൾ ഹാജരായിട്ടുള്ള ദർഘാസ് സമർപ്പിച്ച വരുടെയോ അവർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജന്റുമാരുടെയോ സാന്നിധ്യത്തിൽ 22-1-2025 രാവിലെ 11 മണിക്ക് തുറക്കുന്നതാണ്. വൈകി കിട്ടുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ ഈ ഓഫീസിൽ അപേക്ഷിക്കുന്നപക്ഷം ആവശ്യമായ ദർഘാസ് ഫോറങ്ങൾ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക അടച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് ഫോറങ്ങൾ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. ചെക്കുകൾ, പോസ്റ്റേജ് സ്റ്റാമ്പുകൾ, ഡ്രാഫ്റ്റുകൾ എന്നിവ ദർഘാസ് ഫോറത്തിന്റെ വിലയായി സ്വീകരിക്കുന്നതല്ല. ഫോറങ്ങൾ വി. പി. പി. ആയി അയയ്ക്കുന്നതല്ല. മണി ഓർഡർ സ്വീകരിക്കുന്നതാണ്. ടെണ്ടർ ഫോം തപാലിൽ ആവശ്യമുള്ളവർ തപാൽ ചാർജ്ജ് ആയി ₹ 50 കൂടുതൽ അടയ്ക്കേണ്ടതാണ്. ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി ഒരു വർഷത്തെ ലൈസൻസ് ഫീയുടെ ഒരു ശതമാനം കണക്കാക്കി ആയത് സംഖ്യക്കുള്ള ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്തി രിക്കേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം, പ്രാഥമിക ഉടമ്പടി എന്നിവ അടക്കം ചെയ്തിരിക്കേണ്ടതാണ്. നിശ്ചിത നിരതദ്രവ്യം, പ്രാഥമിക ഉടമ്പടി എന്നിവ അടക്കം ചെയ്യാത്ത ടെണ്ടർ നിരസിക്കുന്നതാണ്. ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ എച്ച്. ഡി. സി. ഓഫീസിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭ്യമായിരിക്കുന്നതാണ്.

അടങ്കൽ തുക—₹ 4,00,000.

നിരതദ്രവ്യം—₹ 10,000.

ദർഘാസ് ഫോറത്തിന്റെ വില:—

ഒറിജിനൽ—₹ 800+ 144 (G.S.T.)

ഡ്യൂപ്ലിക്കേറ്റ്—₹ 400+72 (G.S.T.)

തപാലിൽ അയയ്ക്കുവാൻ:—

ഒറിജിനൽ—₹ 850+144 (G.S.T.)

ഡ്യൂപ്ലിക്കേറ്റ്—₹ 450+72 (G.S.T.)

മണിയോർഡർ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—15-1-2025, 3 മണി.

ദർഘാസ് ഫോറം വിൽക്കുന്ന അവസാന തീയതിയും സമയവും—21-1-2025, 12 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—21-1-2025, 4 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—22-1-2025, 11 മണി.

ദർഘാസ് പ്രാബല്യത്തിലിരിക്കേണ്ട അവസാന തീയതി—22-1-2027.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**നിബന്ധനകൾ**

1. മേപ്പടി മുറി ഉപയോഗിക്കാനുള്ള അവകാശം താഴെ കാണിച്ച നിബന്ധനകൾക്കും ഡെന്റൽ കോളേജ് ആശുപത്രി വികസന കമ്മിറ്റി കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾക്കും ബഹുമാനപ്പെട്ട കോടതികൾ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കും ടെണ്ടർ നടപടി പൂർത്തീകരിക്കുക.

2. ടെണ്ടർ സമർപ്പിക്കുന്നവർ ടെണ്ടറിൽ ഒരു വർഷത്തെ കാലയളവിലേക്ക് മേപ്പടി മുറിയിൽ ലഘു ഭക്ഷണശാല നടത്തുന്നതിന് മാസംപ്രതി ഇത്ര രൂപ ലൈസൻസി ഫീ നൽകിക്കൊണ്ട് നടത്തിക്കൊള്ളാമെന്ന് വ്യക്തമായി എഴുതേണ്ടതാണ്. ടെണ്ടറിനോടൊപ്പം ₹ 4,00,000 (നാലു ലക്ഷം)-ൽ കുറയാത്ത അസ്സൽ സോൾവൻസി സർട്ടിഫിക്കറ്റ് അപേക്ഷകന്റെ പേരിൽ ജന്മതീരവകാശമുള്ള ഭൂമിക്ക് ബന്ധപ്പെട്ട തഹശീൽദാരിൽ നിന്നും ദർഘാസ് സ്വീകരിക്കുന്ന തീയതി മുതലുള്ള സോൾവൻസി സർട്ടിഫിക്കറ്റ്, സെക്രട്ടറി, ആശുപത്രി വികസന സമിതി, ഡെന്റൽ കോളേജ്, കോഴിക്കോട് എന്ന പേരിൽ ₹ 10,000-ന്റെ നിരതദ്രവ്യം, ഇലക്ഷൻ ഐ. ഡി./ ആധാർ കാർഡിന്റെ കോപ്പി എന്നിവ ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്. മുകളിൽ പ്രതിപാദിച്ച രേഖകൾ ടെണ്ടറിനോടൊപ്പം സമർപ്പിച്ചിട്ടില്ലായെങ്കിൽ അത്തരം ടെണ്ടർ നിരുപാധികം നിരസിക്കാനുള്ള അധികാരം ബന്ധപ്പെട്ട അധികാരിക്കുണ്ടായിരിക്കുന്നതാണ്. ടെണ്ടർ അടക്കം ചെയ്ത സീൽ വച്ച കവറിന് പുറത്ത് ഗവ. ഡെന്റൽ കോളേജ് ഓഫീസിന് സമീപം ഒരു ലഘു ഭക്ഷണശാല നടത്തുന്നതിനുള്ള ടെണ്ടർ എന്ന് വ്യക്തമായി എഴുതേണ്ടതാണ്. ടെണ്ടർ താഴെ കാണിച്ച വിലാസത്തിൽ അയയ്ക്കേണ്ടതാണ്. സെക്രട്ടറി, ആശുപത്രി വികസന സമിതി, ഡെന്റൽ കോളേജ്, കോഴിക്കോട്-8.

3. ടെണ്ടറിനോടൊപ്പം നിരതദ്രവ്യവും പുറമെ ₹ 200-ന്റെ മുദ്രക്കടലാസിൽ ടെണ്ടർ നിബന്ധനകൾ നിരുപാധികം പാലിച്ചുകൊള്ളാമെന്ന് സമ്മതിക്കുന്ന ഒരു പ്രാഥമിക കരാറുടമ്പടിയും ടെണ്ടർ നൽകുന്ന വ്യക്തി എഴുതി ഒപ്പിട്ട് ടെണ്ടർ കവറിലടക്കം ചെയ്ത് സമർപ്പിക്കേണ്ടതാണ്. സമ്മതപത്രം മാതൃക ടെണ്ടർ ഫോറത്തിൽ ലഭ്യമാണ്.

4. ടെണ്ടർ സ്ഥിരപ്പെടുത്തിക്കഴിഞ്ഞാൽ പ്രസ്തുത വ്യക്തി ടെണ്ടർ പ്രകാരം വാഗ്ദാനം ചെയ്തിട്ടുള്ള ലൈസൻസ് ഫീസിന് തുല്യമായ സംഖ്യ സെക്യൂരിറ്റി ഡെപ്പോസിറ്റായി ഉത്തരവ് കിട്ടി മൂന്നു ദിവസത്തിനകം ഡെന്റൽ കോളേജ്, ആശുപത്രി വികസന കമ്മിറ്റി സെക്രട്ടറിയുടെ പേരിൽ കെട്ടി വയ്ക്കേണ്ടതും നിബന്ധനയിലെ മൂന്നാം ഖണ്ഡിക അനുസരിച്ചുള്ള കരാറുടമ്പടി 15 ദിവസത്തിനകം സമർപ്പിക്കേണ്ടതുമാണ്. മേൽപ്രകാരം കെട്ടിവച്ച സംഖ്യ ലൈസൻസുകാരൻ മുറി ഒഴിഞ്ഞു പോകുമ്പോൾ ബാദ്ധ്യതകൾ കഴിച്ച് ബാക്കി ഉണ്ടെങ്കിൽ തിരിച്ചു കൊടുക്കുന്നതായിരിക്കും.

5. ലഘുഭക്ഷണശാല നടത്തിപ്പിനുള്ള പാത്രങ്ങൾ, ഫർണീച്ചറുകൾ, മറ്റുപകരണങ്ങൾ തുടങ്ങിയവ ലൈസൻസി സ്വന്തം നിലയ്ക്ക് ഏർപ്പെടുത്തേണ്ടതും കരാറിന്റെ കാലാവധി കഴിഞ്ഞ് 24 മണിക്കൂറിനകം തിരികെ കൊണ്ടുപോകേണ്ടതുമാണ്. അതിനായി അവർക്ക് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് സെക്രട്ടറിയിൽ നിന്നും യാതൊരു ആനുകൂല്യവും ലഭിക്കുന്നതല്ല.

6. ലഘുഭക്ഷണശാല പ്രവർത്തന ഫലമായുണ്ടാകുന്ന മാലിന്യങ്ങളും ചപ്പുചവറുകളും ലൈസൻസി സ്വന്തം ചെലവിൽ അതാത് സമയം നീക്കംചെയ്യേണ്ടതും ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ട തുമാണ്. പരിസരം വൃത്തിയായി സംരക്ഷിക്കേണ്ടതുമാണ്.

7. വെള്ളം, കറന്റ് മുതലായവ തടസ്സപ്പെടുകയാണെങ്കിൽ ആയത് ലൈസൻസി സ്വന്തം ചെലവിൽ ഉത്തരവാദിത്വത്തിൽ ഏർപ്പാട് ചെയ്യേണ്ടതാണ്.

8. ടെണ്ടർ സ്ഥിരപ്പെടുത്തിയ ഉത്തരവ് ലഭിച്ച ഉടനെ ലഘുഭക്ഷണശാല നടത്തിപ്പിന് നിയമ പ്രകാരം ആവശ്യമായ ലൈസൻസ് മുതലായവ ലൈസൻസി (കോർപ്പറേഷൻ, ഫുഡ് സേഫ്റ്റി കമ്മീഷണർ കാര്യാലയങ്ങളിൽ നിന്നും) സ്വന്തം പേരിൽ സമ്പാദിച്ചതിനുശേഷം മാത്രമേ ലഘു ഭക്ഷണശാല തുറന്നു പ്രവർത്തിപ്പിക്കാൻ പാടുള്ളൂ. ഇത് നടത്തിപ്പിനുള്ള ഉത്തരവ് കിട്ടി ഒരാഴ്ചയ്ക്കകം പൂർത്തിയാക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിച്ച ലൈസൻസ് സെക്രട്ടറിയുടെ അനുമതിയോടെ മാത്രമേ വർഷാവർഷം പുതുക്കാവൂ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9. ബീഡി, സിഗരറ്റ്, വെറ്റില മുറുക്കാനുള്ള സാധനങ്ങൾ, പുകയിലയുൽപ്പന്നങ്ങൾ എന്നിവയുൾപ്പെടെ യാതൊരുവിധ ലഹരിപദാർത്ഥങ്ങളും യാതൊരു കാരണവശാലും ലഘുഭക്ഷണശാലയിൽ വിൽപ്പന നടത്താൻ പാടുള്ളതല്ല. എല്ലാ വിൽപ്പന സാധനങ്ങളുടേയും വില നിരക്ക് ബോർഡിൽ പ്രദർശിപ്പിക്കണം. ലഹരി പദാർത്ഥങ്ങൾ, സ്ഫോടകവസ്തുക്കൾ എന്നിവ സംഭരിക്കുന്നതിന് പ്രസ്തുത ഇടം ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്ന് ലൈസൻസി ഉറപ്പുവരുത്തേണ്ടതാണ്.

10. ലൈസൻസ് കാലാവധി മുറി ഏൽപ്പിച്ചു കൊടുക്കുന്ന തീയതി മുതൽ 2 വർഷത്തേക്കായിരിക്കും. പ്രസ്തുത കാലാവധി പൂർത്തിയാക്കുമ്പോൾ അന്ന് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും ദന്തൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി സെക്രട്ടറി തീരുമാനിക്കുന്ന നിബന്ധനകൾക്കും വിധേയമായി ലൈസൻസ് പുനർലേലം ചെയ്യുന്നതിന് സർക്കാരിനോ ദന്തൽ കോളേജ് ഹോസ്പിറ്റൽ ഡെവലപ്പ്മെന്റ് കമ്മിറ്റി സെക്രട്ടറിക്കോ അവകാശമുണ്ടായിരിക്കും. ലൈസൻസ് ഫീസിനു പുറമേ 18% ജി. എസ്. ടി. (കേന്ദ്ര സംസ്ഥാന സർക്കാർ അതാത് സമയങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന നിരക്കിൽ) എല്ലാ മാസവും ലൈസൻസ് ഫീസിന്റെ കൂടെ അടയ്ക്കുവാൻ ബാധ്യസ്ഥരാണ്.

11. ലൈസൻസ് ഫീസ് ബാക്കി വെയ്ക്കുന്നതുകൊണ്ടോ മറ്റു നിബന്ധനകൾ ലൈസൻസുകാരൻ പാലിക്കാത്തതുകൊണ്ടോ സെക്രട്ടറി/സർക്കാരിന് ഉണ്ടാകുന്ന എല്ലാ കഷ്ടനഷ്ടങ്ങളും സെക്യൂരിറ്റി ഡെപ്പോസിറ്റുകളിൽ നിന്നും പിടിച്ചെടുത്ത ശേഷവും ബാക്കിയാവുന്ന ബാധ്യതകൾ സംഖ്യ അപ്പോൾ ലൈസൻസുകാരൻ അടയ്ക്കേണ്ടതാണ്.

12. ടെണ്ടർ നിജപ്പെടുത്തിയശേഷം അനുവദിക്കുന്ന തീയതിക്കുള്ളിൽ ആവശ്യമായ ഡെപ്പോസിറ്റ് സംഖ്യ കെട്ടിവയ്ക്കാതിരിക്കുകയോ കരാറുടമ്പടിപത്രം എഴുതാതിരിക്കുകയോ ചെയ്യുന്നപക്ഷം മുറി ലൈസൻസ് അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് റദ്ദ് ചെയ്യുന്നതും നിരതദ്രവ്യം ആശുപത്രി വികസന ഫണ്ടിലേക്ക്/സർക്കാരിലേക്ക് പിടിച്ചെടുക്കുന്നതും മുറി വീണ്ടും ടെണ്ടറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കൂടുതൽ തുക ക്വാട്ട് ചെയ്ത അടുത്ത ആൾക്ക് നൽകുന്നതുമായിരിക്കും.

13. മുറി കൈവശം വയ്ക്കുന്ന വ്യക്തി എച്ച്. ഡി. സി. സെക്രട്ടറി/സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വ്യവസ്ഥകൾ അംഗീകരിക്കാൻ ബാധ്യസ്ഥനാണ്. മുറിയുടെ വരാന്തയും മുറ്റവും സർക്കാരിന്റെ അധീനതയിലും നിയന്ത്രണത്തിലുമായിരിക്കും.

14. മുറി കൈവശം വയ്ക്കുന്ന വ്യക്തി ഓരോ മാസത്തേയും ലൈസൻസ് ഫീസ് ജി. എസ്. ടി. ഉൾപ്പെടെ മുൻകൂർ ആയി അതാതു മാസം 5-ാം തീയതിക്കുമുൻപായി ദന്തൽ കോളേജ് ഓഫീസിൽ അടച്ച് രശീതി വാങ്ങേണ്ടതാണ്. വീഴ്ച വരുത്തുന്ന തീയതി മുതൽ പണം അടയ്ക്കുന്ന തീയതി വരെയുള്ള കാലത്തേക്ക് കൊല്ലത്തേക്ക് 20% എന്ന തോതിൽ പലിശയോടുകൂടി കടം അടയ്ക്കേണ്ടതാണ്. ലൈസൻസ് ഫീസും 18% ജി. എസ്. ടി. അടക്കം നിശ്ചിത തീയതിക്കുള്ളിൽ അടയ്ക്കുവാൻ വീഴ്ച വരുത്തുന്നപക്ഷം ഒരു മാസം മുമ്പേ നോട്ടീസ് നൽകി മുറി ഒഴിപ്പിച്ചെടുക്കുവാൻ എച്ച്. ഡി. സി. സെക്രട്ടറി/സർക്കാരിന് അധികാരമുണ്ടായിരിക്കും.

15. കറന്റ് ചാർജ്ജും വാട്ടർ ചാർജ്ജും അതുപോലുള്ള മറ്റു ചാർജ്ജുകളും പ്രതിമാസ ലൈസൻസ് ഫീസിനും സർചാർജ്ജിനും പുറമേ ലൈസൻസ് കരാർ സമയാസമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഒടുക്കി അതാത് രസീതികളുടെ പകർപ്പ് എച്ച്. ഡി. എസ്. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

16. കൈവശം ലഭിക്കുന്ന മുറിയും അതിലെ ഫിറ്റിംഗും എച്ച്. ഡി. സി. സെക്രട്ടറിയുടെ മുൻകൂട്ടിയുള്ള രേഖാമൂലമുള്ള അനുമതി ലഭിക്കാതെ എന്തെങ്കിലും ഭേദഗതി വരുത്തുവാൻ ലൈസൻസുകാരന് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല. എച്ച്. ഡി. സി. സെക്രട്ടറി/സർക്കാരിന്റെ അനുമതിയോടുകൂടി എന്തെങ്കിലും ഭേദഗതി വരുത്തുകയോ വല്ലതും വെച്ചു പിടിപ്പിക്കുകയോ ചെയ്താൽ ആയതിന് യാതൊരുവിധ ചെലവും ആവശ്യപ്പെടുവാൻ ലൈസൻസുകാരന് അവകാശം ഉണ്ടായിരിക്കുന്നതല്ല.

17. മുറി, ഷട്ടറുകൾ, സാനിറ്ററി ഇലക്ട്രിക് ഫിറ്റിങ്ങുകൾ അതുപോലുള്ള മറ്റുപകരണങ്ങൾ എന്നിവ നല്ല നിലയിൽ സൂക്ഷിക്കേണ്ടതാണ്. വല്ല കേടുപാടുകളും വരുത്തുന്നപക്ഷം അതുമൂലമുണ്ടാകുന്ന നഷ്ടത്തിന് ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

18. ദന്തൽ കോളേജ് പ്രിൻസിപ്പാൾ/സെക്രട്ടറിക്കോ ആശുപത്രി വികസന സൊസൈറ്റി സംഘങ്ങൾക്കോ സൊസൈറ്റി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കോ മുറി ഏതുസമയത്തും പരിശോധന നടത്തുവാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. പരിശോധന സമയത്ത് വല്ല ന്യൂനതകളും കാണുന്നതായാൽ അവ താഴെ ഒപ്പിട്ടവരിൽനിന്ന് ലഭിക്കുന്ന നോട്ടീസിൽ പറഞ്ഞ കാലാവധിയിൽ പരിഗണിച്ച് റിപ്പോർട്ട് ചെയ്യുവാൻ ലൈസൻസുകാരൻ ബാധ്യസ്ഥനാണ്.

19. കൈവശം വെയ്ക്കുന്ന മുറിയോ മുറിയുടെ ഭാഗങ്ങളോ കൈമാറ്റം ചെയ്യുന്നതിനോ കീഴ്തുകയ്ക്ക് കൊടുക്കുന്നതിന് അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

20. ഉടമ്പടിയിൽ രേഖപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ മറ്റ് യാതൊരു ആവശ്യങ്ങൾക്കും മുറി ഉപയോഗിക്കുവാൻ ലൈസൻസുകാരന് അധികാരമുണ്ടായിരിക്കുന്നതല്ല.

21. പൊതു ഉപയോഗങ്ങൾക്കുള്ള തുറന്ന സ്ഥലങ്ങളിൽ വരാന്തയും യാതൊരു തടസ്സങ്ങളും കൂടാതെ അതുപോലെ നിലനിർത്തുന്നതിന് ലൈസൻസുകാരൻ ബാധ്യസ്ഥനാണ്.

22. പ്രതിമാസ ലൈസൻസ് ഫീസ് അതാത് സമയങ്ങളിൽ ഒടുക്കാതെ വീഴ്ച വരുത്തുന്നപക്ഷം ഈ നിബന്ധനയിലെ വ്യവസ്ഥകൾക്കും പ്രാബല്യത്തിലുള്ളതും ടെണ്ടർ വിളിക്കുന്നതുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ നിലനിൽക്കുന്ന സർക്കാർ നിർദ്ദേശങ്ങൾക്കും വിധേയമായി നിയമാനുസൃതമുള്ള എല്ലാ നടപടികളും കൈക്കൊണ്ട് കുടിശ്ശിക ഈടാക്കുവാൻ താഴെ ഒപ്പിട്ടവർക്ക് അധികാരമുള്ളതും ഇത്തരം നടപടികൾ നിമിത്തം എച്ച് ഡി. സി./സർക്കാരിനോ വരുന്ന എല്ലാ ചെലവുകളും ലൈസൻസിയിൽ നിന്നും ഈടാക്കുന്നതായിരിക്കും.

23. ടെണ്ടർ കാലയളവിനുള്ളിൽ ലൈസൻസുകാരൻ മരണപ്പെടുകയാണെങ്കിൽ അവരുടെ നിയമാനുസൃതമുള്ള അനന്തരാവകാശി ഒരാഴ്ചയ്ക്കകം ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. അനന്തരാവകാശിയുടെ അപേക്ഷ ലഭിക്കുന്നപക്ഷം നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി നിലനിന്നിരുന്ന ടെണ്ടർ കൈമാറ്റം ചെയ്തു കൊടുക്കുന്നതാണ്. അപ്രകാരമുള്ള അപേക്ഷകൾ ലൈസൻസുകാരൻ മരണപ്പെട്ട തീയതി മുതൽ ഒരാഴ്ചയ്ക്കകം താഴെ ഒപ്പിട്ടവർക്ക് ലഭിച്ചിരിക്കേണ്ടതാണ്. ഈ നിബന്ധന പ്രകാരം ലൈസൻസ് കൈമാറ്റം ലഭിച്ച ആൾ നിശ്ചിത ഫോറത്തിൽ ഉടമ്പടിപത്രം സമർപ്പിക്കേണ്ടതാണ്.

24. ദേശദ്രോഹപ്രവർത്തനങ്ങൾക്കോ സദാചാരവിരുദ്ധ പ്രവർത്തനങ്ങൾക്കോ കാന്റീൻ ഇടനിലമാക്കാൻ പാടുള്ളതല്ല. ഇത്തരം പ്രവൃത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ മുൻകൂർ നോട്ടീസ് നൽകാതെ ലൈസൻസ് റദ്ദാക്കുന്നതും നിയമപരമായ നടപടികൾ ലൈസൻസിക്കെതിരെ സ്വീകരിക്കുന്നതുമായിരിക്കും.

25. ലൈസൻസുകാരൻ എച്ച്. ഡി. സി./സർക്കാരിന് അടയ്ക്കുവാനുള്ള സംഖ്യ നിശ്ചിത അവധിക്ക് അടയ്ക്കാതെ വീഴ്ച വരുത്തിയാൽ എച്ച്. ഡി. സി. സെക്രട്ടറി/സർക്കാർ ലൈസൻസ് റദ്ദ് ചെയ്ത് മുറി ഏറ്റെടുക്കേണ്ടി വരുന്നതുമൂലം സർക്കാരിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലൈസൻസിയും അയാളുടെ സ്വത്തുക്കളും ഉത്തരവാദിയായിരിക്കുന്നതും ലൈസൻസിക്ക് എന്തെങ്കിലും തരത്തിലുണ്ടാകുന്ന യാതൊരു നഷ്ടത്തിനും ചെലവുകൾക്കും എച്ച്. ഡി. സി. സെക്രട്ടറി/സർക്കാർ യാതൊരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല.

26. ലൈസൻസ് കാലാവധി അവസാനിക്കുന്നതിനുമുമ്പായി മുറി ഒഴിഞ്ഞുപോകുകയോ സർക്കാർ ഏറ്റെടുക്കേണ്ടിവരികയോ ചെയ്യുന്നപക്ഷം സർക്കാരിനുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലൈസൻസുകാരൻ ഉത്തരവാദിയായിരിക്കുന്നതും നിയമാനുസരണം മേപ്പടി സംഖ്യ ഈടാക്കുന്നതിന് തക്കതായ നടപടി സ്വീകരിക്കുവാൻ എച്ച്. ഡി. സി. സെക്രട്ടറി ആന്റ് ട്രഷറർ സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്.

27. ലൈസൻസിക്ക് മുറി ആവശ്യമെങ്കിൽ ആ വിവരം അറിയിച്ചുകൊണ്ട് എച്ച്. ഡി. സി. സെക്രട്ടറി ആന്റ് ട്രഷററിന് മൂന്നു മാസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകിയാൽ പോലും ലൈസൻസിയുടെ നടപടിമൂലം സർക്കാരിന് വല്ല നഷ്ടവും സംഭവിക്കുകയാണെങ്കിൽ പ്രസ്തുത നഷ്ടം ലൈസൻസിയിൽ നിന്നും 13% ഇന്ററസ്റ്റ് ഓൺ ഡാമേജ് അടക്കം നഷ്ടം ഈടാക്കുന്ന നടപടി സ്വീകരിക്കുവാൻ താഴെ ഒപ്പിട്ടവർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

28. ലൈസൻസിയുടെ അപേക്ഷ പ്രകാരം വല്ല ബാദ്ധ്യതയും ഉണ്ടെങ്കിൽ അത് കിഴിച്ച് ബാക്കി നൽകുന്നതാണ്.

29. മുറിയുടെ മുൻവശത്ത് പരസ്യബോർഡ് പാടില്ലാത്തതാകുന്നു.

30. മേൽപ്പറഞ്ഞ ഏതെങ്കിലും നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിച്ചാലോ ചുമതലകൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയാലോ നിശ്ചിത താരിഫ് പ്രകാരമുള്ള സംഖ്യകൾ, പിഴകൾ മുതലായവ അതാത് സമയത്ത് അടയ്ക്കാതിരുന്നാലോ കരാർ ദുർബലപ്പെടുത്തി ലൈസൻസുകാരനെ ഒഴിപ്പിക്കുന്നതും ലൈസൻസുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മുറി വീണ്ടും ടെണ്ടർ വിളിച്ചോ മറ്റു വിധത്തിലോ ആവശ്യക്കാർക്ക് ഏൽപ്പിച്ചു കൊടുക്കുന്നതും അതിലുണ്ടാകുന്ന എല്ലാ നഷ്ടങ്ങൾക്കും ലൈസൻസുകാരനും അയാളുടെ സ്വത്തുക്കളും ഉത്തരവാദിയായിരിക്കുന്നതുമാണ്. എന്നാൽ മുറി ടെണ്ടർ വിളിച്ചോ മറ്റു വിധത്തിലോ പുതിയ നടത്തിപ്പുകാർക്ക് ഏൽപ്പിച്ച് കൊടുക്കുമ്പോൾ ആശുപത്രി വികസന സമിതിയ്ക്ക് വല്ല ആദായവുമുണ്ടെങ്കിൽ ആയതിന് പഴയ ലൈസൻസുകാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

31. സാധാരണഗതിയിൽ ഏറ്റവും കൂടുതൽ പ്രതിമാസ ലൈസൻസ് ഫീസ് കാണിക്കുന്ന ടെണ്ടർ/ലേലം സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ സെക്രട്ടറി ആന്റ് ട്രഷറർ സർക്കാരിന് അവകാശമുണ്ടായിരിക്കുന്നതാണ്.

32. ലഘുഭക്ഷണശാലയിലെ ആഹാര സാധനങ്ങൾക്ക് ലൈസൻസി ഡെന്റൽ കോളേജ് ആശുപത്രി ജീവനക്കാരോട് എച്ച്. ഡി. സി. സെക്രട്ടറി തീരുമാനിക്കുന്ന നിരക്ക് മാത്രമേ ഈടാക്കാൻ പാടുള്ളൂ.

33. മുകളിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ സാധാരണ ഗതിയിൽ പാലിക്കേണ്ടതും എന്നാൽ സെക്രട്ടറി ആന്റ് ട്രഷറർ സർക്കാരിന്റെ ഉത്തമ താൽപ്പര്യങ്ങൾക്കനുസൃതമായി നിബന്ധനകൾ ഭേദഗതി ചെയ്യുന്നതിന് സെക്രട്ടറി ആന്റ് ട്രഷറർ/സർക്കാരിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ഈ നടപടികൾ ചോദ്യം ചെയ്യുവാൻ ലൈസൻസുകാരന് യാതൊരു അവകാശവുമുണ്ടായിരിക്കുന്നതല്ല.

34. 1–2–2025 തീയതിക്കോ എച്ച്. ഡി. സി. സെക്രട്ടറി ആന്റ് ട്രഷറർ/സർക്കാർ നിർദ്ദേശിക്കുന്ന മറ്റൊരു തീയതിക്കോ ലഘുഭക്ഷണശാല പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

35. ടെണ്ടർ നടത്തിപ്പ് നിലവിലുള്ള കോടതി ഉത്തരവുകൾക്കും ഗവൺമെന്റ് നിർദ്ദേശങ്ങൾക്കും വിധേയമായിട്ടായിരിക്കും. വിൽപ്പനക്ക് വെച്ചിരിക്കുന്ന ഭക്ഷണത്തിൽ ആളുകളുടെ ആരോഗ്യത്തിനോ ജീവനോ ഹാനികരമായ മാലിന്യങ്ങൾ, വിഷപദാർത്ഥങ്ങൾ ഉൾപ്പെടുകയും ഇതുമൂലം ഭക്ഷ്യ വിഷബാധക്കോ മറ്റ് അപകടത്തിനോ ജീവഹാനിയ്ക്കോ ഇടയാകുന്നപക്ഷം നിയമനടപടികൾ നേരിടേണ്ടി വന്നാൽ പ്രിൻസിപ്പാളിനോ സെക്രട്ടറിക്കോ മറ്റ് മേലധികാരികൾക്കോ യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

36. ഭക്ഷണപദാർത്ഥങ്ങൾ പുറമേ നിന്ന് പാകം ചെയ്ത് കൊണ്ടുവരേണ്ടതാണ്. യാതൊരു കാരണവശാലും ആശുപത്രി കെട്ടിടത്തിനകത്ത് പാചകം ചെയ്യാൻ അനുവദിക്കുന്നതല്ല.

37. കാന്റീൻ ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കേണ്ടതാണ്. ഒന്നിലധികം ദിവസം തുടർച്ചയായി കാന്റീൻ പ്രവർത്തിക്കാതിരുന്നാൽ കരാറുകാരന് യാതൊരുവിധ ആനുകൂല്യങ്ങളും നൽകാതെ ടെണ്ടർ റദ്ദ് ചെയ്യാനുള്ള അധികാരം താഴെ ഒപ്പിട്ടവരിൽ നിക്ഷിപ്തമായിരിക്കും.

38. ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും നൽകുന്ന ഭക്ഷണസാധനങ്ങൾക്കുള്ള വിലവിവരപ്പട്ടിക ദർഘാസിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)

ഗവ. ഡെന്റൽ കോളേജ്, സെക്രട്ടറി,

കോഴിക്കോട്. ആശുപത്രി വികസന സമിതി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.01.13 04:39:43 +05:30